# സുവിശേഷത്തെക്കുറിച്ച് ലജ്ജിക്കരുത്: ഫ്രാങ്ക്ളിന് ഗ്രഹാം

**ദിജിഎംന്യൂസ്, അമേരിക്ക**



കാലിഫോര്ണിയ: സുവിശേഷീകരണത്തില് ഏര്പ്പെട്ടിരിക്കുന്ന ക്രൈസ്തവര്ക്ക് വലിയ പ്രതിസന്ധി ഉണ്ടാക്കുന്ന വര്ഷമായിരിക്കും 2010. എങ്കിലും സുവിശേഷത്തെക്കുറിച്ച് ലജ്ജ ഇല്ലാത്തവരായിരിക്കാന് പ്രശസ്ത സുവിശേഷകനും ഡോ. ബില്ലി ഗ്രഹാമിന്റെ മകനുമായ ഫ്രാങ്ക്ളിന് ഗ്രഹാം സുവിശേഷകരോട് ആവശ്യപ്പെട്ടു. സുവിശേഷീകരണത്തെ ദ്രോഹമായി ചിത്രീകരിക്കുന്ന സന്ദര്ഭം ഈ തലമുറയില് തന്നെ ഉണ്ടാകാന് സാധ്യതയുണ്ട്. പലരാജ്യങ്ങളിലും അത്തരം നീക്കങ്ങള് നടക്കുന്നുമുണ്ട്. സ്വവര്ഗ്ഗ ലൈംഗീകതയെയും, ഗര്ഭ;ച്ഛിദ്രത്തെയും മറ്റ് ധാര്മ്മിക പ്രശ് നങ്ങളെക്കുറിച്ചുള്ള ദൈവവചനകാഴ്ചപ്പാടുകള് പ്രസംഗിക്കുന്നത് നിരോധിക്കുന്ന കാലം ഉണ്ടാകും. ബൈബിള് അനുസരിച്ച് ജീവിക്കുന്നവരെ തുറുങ്കിലടയ്ക്കുന്ന നയങ്ങള് സ്വീകരിക്കപ്പെടാന് സാധ്യതയുണ്ട്. എന്നാല് യേശുക്രിസ്തുവിന്റെ മരണപുനരുത്ഥാനത്തെക്കുറിച്ച് അവസാന ശ്വാസം വരെ നാം പ്രസംഗിക്കണം.

അടുത്തിടെ ഡെന്മാര്ക്കിലെ കോപ്പന് ഹേഗനില് വച്ച് നടന്ന കാലാവസ്ഥ വ്യതിയാനം സംബന്ധിച്ച ഉച്ചകോടിയുടെ പശ്ചാത്തലത്തിലാണ് ഫ്രാങ്ക്ളിന് ഗ്രഹാം ഈ പ്രസ്താവന പുറപ്പെടുവിച്ചത്. ബില്ലിഗ്രഹാം ഇവാന്ജലിസ്റ്റിക്ക് അസോസിയേഷന് പ്രസിഡന്റും, പ്രമുഖ ഹുമാനിറ്റേറിയന് ഏജന്സിയായ ``സമരിറ്റന് ബോക്സിന്റെ'' ഡയറക്ടറുമാണ് അദ്ദേഹം.

ക്രൈസ്തവ വിശ്വാസം എല്ലാ തലങ്ങളില് നിന്നും ആക്രമണം നേരിടുന്ന പശ്ചാത്തലത്തില് സുവിശേഷീകരണം കൂടുതല് വേഗത്തില് ചെയ്ത് തീര്ക്കേണ്ട

സമയമാണ് ഇതെന്നും അദ്ദേഹം പറഞ്ഞു.
ബില്ലിഗ്രഹാം ഇവാഞ്ചലിസ്റ്റിക്ക് അസോസിയേഷന്റെ 2010 ലെ ആദ്യ ക്രൂസേഡ് ഇന്ത്യയില് നടക്കും എന്നറിയുന്നു. തുടര്ന്ന് ബ്രസീല്, കാനഡ, ജപ്പാന്, ലാറ്റിവ തുടങ്ങിയ രാജ്യങ്ങളിലും ഈ വര്ഷം ക്രൂസേഡുകള് നടക്കും.